**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3909** **06-08-2021 - ൽ മറുപടിയ്ക്ക്**

**കടവത്തൂർ മലയൻകുണ്ട് തണ്ണീർത്തടസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് തണ്ണീർത്തടങ്ങളും ജലാശയങ്ങളും കുളങ്ങളും മറ്റും സംരക്ഷക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ ; | (എ) | ജലസംരക്ഷണവും ജലമാനേജ്മെന്റും സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിലുള്ള ജലവിഭവാസൂത്രണമാണ് നിർവ്വഹിച്ചു വരുന്നത്. ഓരോ ചെറു നീർത്തടത്തിലും വരുന്ന വിവിധ ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തും വിധം ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. കുളങ്ങൾ, തടാകങ്ങൾ, തോടുകൾ തുടങ്ങിയവ സംരക്ഷിച്ച്, ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തികളും നിർവ്വഹിച്ചുവരുന്നു. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കടവത്തൂർ മലയൻകുണ്ട് തണ്ണീർത്തടം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തൊക്കെ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (ബി) | 1994 ലെ കേരള പഞ്ചായത്തീരാജ് നിയമപ്രകാരം കുളങ്ങൾ, തടാകങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലാണ് വരുന്നത്. എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ഇത്തരം ജലസ്രോതസ്സ കളുടെ നവീകരണ - പുനരുദ്ധാരണ പ്രവൃത്തികളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കാറുള്ളത്. തണ്ണീർത്തടങ്ങൾ (ജലസ്രോതസ്സുകൾ) സംരക്ഷിച്ച് ജലസംഭരണശേഷി കൂട്ടി, കാർഷികാവശ്യത്തിന് ജലം എത്തിക്കും വിധമുള്ള പ്രവർത്തികളാണ് ജലസേചന വകുപ്പ് മുഖാന്തിരം നിർവ്വഹിക്കുന്നത്. കടവത്തൂർ മലയൻകുണ്ട് തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഭാഗത്തുനിന്നോ മറ്റ് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നോ യാതൊരു അപേക്ഷയും ലഭിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തണ്ണീർത്തടം സംരക്ഷിച്ച് ഉപയോഗപ്പെടുത്തിയാൽ പരിസര പ്രദേശങ്ങളിൽ നേരിടുന്ന കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരവും മറ്റ് പ്രദേശങ്ങളിലേക്ക് കുടിവെള്ള വിതരണവും ധാരാളം കൃഷി ഭൂമി കൃഷിയോഗ്യവുമായി മാറുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ? | (സി) | 1994 ലെ കേരള പഞ്ചായത്തീരാജ് നിയമപ്രകാരം കുളങ്ങൾ, തടാകങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലാണ് വരുന്നത്. എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ഇത്തരം ജലസ്രോതസ്സ കളുടെ നവീകരണ - പുനരുദ്ധാരണ പ്രവൃത്തികളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കാറുള്ളത്. തണ്ണീർത്തടങ്ങൾ (ജലസ്രോതസ്സുകൾ) സംരക്ഷിച്ച് ജലസംഭരണശേഷി കൂട്ടി, കാർഷികാവശ്യത്തിന് ജലം എത്തിക്കും വിധമുള്ള പ്രവർത്തികളാണ് ജലസേചന വകുപ്പ് മുഖാന്തിരം നിർവ്വഹിക്കുന്നത്. കടവത്തൂർ മലയൻകുണ്ട് തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഭാഗത്തുനിന്നോ മറ്റ് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നോ യാതൊരു അപേക്ഷയും ലഭിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ